(ബി)&(സി) റിപ്പോർട്ട് ലഭിച്ചശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

**94 (383) കാർഷിക വിളകളുടെ രോഗപ്രതിരോധ മാർഗ്ഗങ്ങൾ**

ശ്രീ. കെ.എം. മാണി :

ശ്രീ. തോമസ് ചാഴികാടൻ :

ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക വിളകൾക്കു വ്യാപകമായി ബാധിച്ചിരിക്കുന്ന രോഗങ്ങൾ പ്രതിരോധിക്കുന്നതിനു സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) ബ്രിട്ടന്റെ സഹായത്തോടെ സംസ്ഥാനത്ത് "ഏരിയൽ സ്പ്രേയിംഗ്" പദ്ധതിക്കു രൂപം നൽകിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ പദ്ധതി എന്നുമുതൽ ഏതൊക്കെ വിളകൾക്കു പ്രയോജനപ്പെടുത്താൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ കേരവൃക്ഷങ്ങളെ ബാധിച്ചിട്ടുള്ള 'മണ്ഡരി' രോഗബാധ തടയുന്നതിന് ആവശ്യമായ മരുന്നുതളിയുടെ ചെലവ് പൂർണ്ണമായും ഏറ്റെടുക്കാൻ സർക്കാർ സന്നദ്ധമാകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഇപ്പോൾ വ്യാപകമായി കാണപ്പെടുന്നത് തെങ്ങിനെ ബാധിച്ചിട്ടുള്ള മണ്ഡരി കീടബാധയാണ്. ഇതിനെ ഫലപ്രദമായി തടയുന്നതിന് ആവശ്യമായ നിയന്ത്രണമാർഗ്ഗത്തിന് രൂപംനൽകി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഒരു തെങ്ങിന് 9 രൂപവരെ സർക്കാർ നൽകിവരുന്നു. (6 രൂപ കൃഷി ഡിപ്പാർട്ടുമെന്റുവഴിയും 3 രൂപ പഞ്ചായത്തുകൾവഴിയും) മരുന്നിന് മൂന്നുരൂപയെ വില വരുകയുള്ളൂ. അതും മുഴുവനും കയറ്റുകൂലി ആറുരൂപയും നൽകുന്നുണ്ട്.

**95 (384) പ്രതിവർഷ കാർഷിക ഉല്പാദനം**

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആളോഹരി എത്ര ടൺ അരി പ്രതിവർഷം ഉല്പാദിപ്പിക്കുന്നു;

(ബി) കിഴങ്ങു വർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ എന്നിവ ആളോഹരി എത്രവീതം പ്രതിവർഷം ഉല്പാദിപ്പിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 22.43 കിലോഗ്രാം അരിയാണ് ആളോഹരി ഉല്പാദനം.

(ബി) മരച്ചീനി 87 കിലോഗ്രാം, മധുരക്കിഴങ്ങ് 600 ഗ്രാം, പയറുവർഗ്ഗങ്ങൾ 400 ഗ്രാം.

**96 (385) മണ്ഡരി രോഗം**

ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തെങ്ങുകളിൽ മണ്ഡരിരോഗം ബാധിച്ചതുമൂലം തേങ്ങയുടെ വിളവ് എത്ര കുറയുമെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) മണ്ഡരി രോഗംമൂലം വിളവ് കുറയുന്നതിനാൽ കേരകർഷകർക്ക് എന്തെങ്കിലും ആശ്വാസ സഹായം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) കർഷകർക്ക് ധനസഹായം നൽകുന്നതിനും തെങ്ങുകളിൽ മരുന്നു തളിക്കുന്നതിനും കേന്ദ്രസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ന്; എത്ര തുക ആവശ്യപ്പെട്ടു; ഇല്ലെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) മണ്ഡരി പ്രതിരോധിക്കുന്നതിനായി മരുന്നു തളിക്കുവാൻ സഹായം നൽകുന്നുണ്ട്.

(ഡി) ഉണ്ട്. നവംബർ 1999-ൽ കേന്ദ്ര സർക്കാരിനോട് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 100 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. നഷ്ടപരിഹാരം നൽകുവാനും ആവശ്യപ്പെട്ടിട്ടുണ്ട്.

**97 (386) മണ്ഡരി രോഗത്തിന് ഫലപ്രദമായ കീടനാശിനികൾ**

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലാകെ തെങ്ങിന് പടർന്നുപിടിച്ചിട്ടുള്ള മണ്ഡരി രോഗത്തിന് ഫലപ്രദമായ കീടനാശിനികൾ കേരളത്തിൽ ലഭ്യമാണോ;

(ബി) ഇതിനുതകുന്ന ജൈവ കീടനാശിനികളും രാസകീടനാശിനികളും ഏതെല്ലാം ആണെന്ന് വ്യക്തമാക്കുമോ;

(സി) ഇവ കൃഷി വകുപ്പ് മുഖാന്തിരം കൃഷിഭവനിലൂടെ കർഷകർക്ക് സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly